بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 21.06.2024


**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*


# ബനൂനദീർ യുദ്ധനീക്കസംഭവവികാസങ്ങൾ തുടർച്ച

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തിരുനബി(സ)നെ വധിക്കുവാൻ ഒരു യഹൂദി ഗോത്രമായ ബനൂനദീർ നടത്തിയ ഗൂഢാലോചനയെപറ്റിയാണ് പറഞ്ഞുവന്നിരുന്നത്. അവരുണ്ടാക്കിയ പദ്ധതിയെ അല്ലാഹു എങ്ങനെയാണ് പരാജയപ്പെടുത്തിയതെന്ന് വിശദീകരിക്കാം. ഇതു സംബന്ധിച്ച് എഴുതുന്നു, വഹ്യ് മുഖേന തിരുനബി(സ)ന് ഗൂഢാലോചനയെപറ്റി അറിവ് ലഭിക്കുകയുണ്ടായി. അതിന്റെ വിശദീകരണത്തിൽ പറയുന്നു: തിരുനബി(സ)നുമേൽ കല്ല് വീഴ്ത്തി വധിക്കുവാൻവേണ്ടി അംറ് ബിൻ ജഹ്ശ് വീടിനു മുകളിൽ കയറിയപ്പോൾ യഹൂദികളുടെ ഈ ഗൂഢാലോചനയെ പറ്റി വഹ്യ് മുഖേന തിരുനബി(സ)നു അറിയിപ്പ് ലഭിക്കുകയുണ്ടായി. തിരുനബി(സ) ഉടൻ തന്നെ തൽസ്ഥാനത്തുനിന്ന് എഴുന്നേറ്റ് എന്തോ ജോലി തീർക്കാനുള്ളതുപോലെ അവിടെനിന്ന് പോയി; അതിശീഘ്രം മദീനയിലെത്തി. തിരുനബി(സ) എന്തെങ്കിലും തന്റെ അത്യാവശ്യ കാര്യത്തിനു പോകുകയാണെന്നായിരുന്നു സ്വഹാബാക്കൾ കരുതിയത്. പക്ഷെ കുറച്ചു സമയം കഴിഞ്ഞപ്പോൾ സ്വഹാബാക്കൾക്ക് ആശങ്കയാകുകയും അവർ നബി(സ)നെ അന്വേഷിക്കാൻ അവിടെ നിന്ന് എഴുന്നേൽക്കുകയും ചെയ്തു. വഴിയിൽ മദീനയിൽനിന്ന് വരുന്ന ഒരാൾ സ്വഹാബാക്കളോട് പറഞ്ഞു: ഞാൻ നബി(സ) മദീനയിൽ പ്രവേശിക്കുന്നത് കാണുകയുണ്ടായി. സ്വഹാബാക്കൾ ഉടൻ തന്നെ നബി(സ)ന്റെ അടുക്കൽ എത്തിയപ്പോൾ നബി(സ) ബനുനദീർ എന്ത് ഗൂഢാലോചനയാണ് ചെയ്തതെന്ന് സ്വഹാബാക്കളോട് പറയുകയുണ്ടായി.

മറുഭാഗത്ത് തിരുനബി(സ)നെ വധിക്കുവാൻ യഹൂദികൾ പരസ്പരം കൂടിയാലോചന നടത്തുന്നതിനിടെ മദീനയിൽനിന്ന് ഒരു യഹൂദി എത്തി. തന്റെ സുഹൃത്തുക്കൾ കൂടിയാലോചന നടത്തുന്നത് കേട്ടപ്പോൾ അയാൾ പറഞ്ഞു: ഞാൻ അദ്ദേഹം മദീനയിൽ പ്രവേശിക്കുന്നത് കണ്ടല്ലോ! അപ്പോൾ അവരെല്ലാവരും അത്ഭുതപ്പെട്ടുപോയി.

മറ്റൊരു നബിചരിത്രകാരൻ ഇതു സംബന്ധമായി എഴുതുന്നു, നബി(സ) ദൈവിക വെളിപാട് പ്രകാരം വേഗം അവിടെനിന്ന് വരികയുണ്ടായി. സ്വഹാബാക്കൾ അപകടാവസ്ഥയിൽ അല്ലാതിരുന്നതുകൊണ്ടാണ് അവരോട് ഒന്നും പറയാതിരുന്നത്. യഹൂദികളുടെ ലക്ഷ്യം നബി(സ) മാത്രമായിരുന്നു. അതുകൊണ്ട് തന്നെ തന്റെ സ്വഹാബാക്കൾ സുരക്ഷതരാണെന്നും അവർ തന്നെ തിരഞ്ഞുകൊണ്ട് ഉടനെ വരുമെന്നുമുള്ള കാര്യത്തിൽ നബി(സ)നു ആശങ്കയേതുമില്ലായിരുന്നു. ആ സമയത്ത് ഈ ആയത്തും ഇറങ്ങുകയുണ്ടായി:

یٰۤاَیُّهَا الَّذِیۡنَ اٰمَنُوا اذۡکُرُوۡا نِعۡمَتَ اللّٰهِ عَلَیۡکُمۡ اِذۡ هَمَّ قَوۡمٌ اَنۡ یَّبۡسُطُوۡۤا اِلَیۡکُمۡ اَیۡدِیَهُمۡ فَکَفَّ اَیۡدِیَهُمۡ عَنۡکُمۡ ۚ وَاتَّقُوا اللّٰهَ ؕ وَعَلَی اللّٰهِ فَلۡیَتَوَکَّلِ الۡمُؤۡمِنُوۡنَ ۝۱۲

വിശ്വസിച്ചവരേ! ഒരു ജനത നിങ്ങളുടെ നേരെ (ദ്രോഹത്തിന്റെ) കൈകൾ ഓങ്ങാൻ ഉറച്ച തീരുമാനമെടുത്തപ്പോൾ നിങ്ങളുടെ മേലുണ്ടായ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്മരിക്കുക. അവൻ നിങ്ങളിൽനിന്ന് അവരുടെ കൈകൾ തടഞ്ഞു. അല്ലാഹുവിനെ ഭയപ്പെടുവിൻ. വിശ്വാസികൾ അല്ലാഹുവിൽ തന്നെ ഭരമേല്പിക്കേണ്ടതാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതു സംബന്ധമായി എഴുതുന്നു, യഹൂദികൾ തിരുനബി(സ) വന്നതിൽ ബാഹ്യമായി സന്തോഷം പ്രകടിപ്പിച്ചുവെങ്കിലും തിരുനബി(സ)ന്റെ കഥ കഴിക്കാൻ ഇത് നല്ലൊരു അവസരമാണെന്ന് അവർ പരസ്പരം ഗൂഢാലോചന നടത്തുകയായിരുന്നു.

എന്നാൽ യഹൂദിയായ സലാം ബിൻ മുശ്കം ഈ അഭിപ്രായത്തെ എതിർത്തുകൊണ്ട് പറഞ്ഞു: ഇത് വഞ്ചനയും നമ്മൾ മുഹമ്മദ്(സ)മുമായി ചെയ്ത ഉട മ്പടിക്ക് വിരുദ്ധവുമാണ്. പക്ഷെ അവരാരും അത് ഗൗനിച്ചില്ല.

തിരുനബി(സ) പോയതിനുശേഷം യഹൂദികൾ തങ്ങൾ ചെയ്ത കാര്യത്തിൽ വളരെയേറെ ലജ്ജി തരായിരുന്നു. ഒരു യഹൂദി കിനാന ബിൻ സവീറ (അഥവാ) സൂരിയ പറയുന്നു: തൗറാത്താണെ സത്യം, നിങ്ങൾ ചെയ്യാൻ ഉദ്ദേശിച്ച വഞ്ചനെപ്പറ്റി മുഹമ്മദ്(സ)ന് അറിയിപ്പ് ലഭിച്ചിരിക്കുന്നു. അല്ലാഹു വാണെ, അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകനാ കുന്നു. നിങ്ങൾ വഞ്ചന കാണിക്കാൻ ഉദ്ദേശിക്കുന്നു വെന്ന് വെളിപാടുണ്ടായപ്പോഴാണ് അദ്ദേഹം എഴു ന്നേറ്റത്. തീർച്ചയായും അദ്ദേഹം അവസാനത്തെ പ്രവാചകനാകുന്നു. നിങ്ങൾ അവസാന പ്രവാച കൻ ഹാറൂന്റെ സന്തതി പരമ്പരയിൽനിന്ന് വരു മെന്നാണ് ആഗ്രഹിച്ചത്. പക്ഷെ അല്ലാഹു ഇവിടെ നിന്ന് നിയോഗിക്കാനാണ് ഇച്ഛിച്ചത്. നമ്മൾ തൗറാത്തിൽ വായിക്കുന്ന ഗ്രന്ഥങ്ങളിൽ ഈ പ്രവാചകൻ മക്കയിൽ ജനിക്കുമെന്നും മദീനയി ലേക്ക് പലായനം ചെയ്യുമെന്നും എഴുതിയിട്ടുണ്ട്. ആ നബിയെപറ്റി തൗറാത്തിൽ പറഞ്ഞ ഗുണവി ശേഷണങ്ങൾ അദ്ദേഹത്തിൽ മാത്രമാണ് സാർഥക മാകുന്നത്. നിങ്ങൾക്ക് രക്തം ചിന്തുകയല്ലാതെ മറ്റൊന്നും കിട്ടുന്നതല്ലെന്നും നിങ്ങൾ സ്വത്തും സമ്പാദ്യവും സന്താനങ്ങളും ഉപേക്ഷിക്കേണ്ടിവരു മെന്നും ഞാൻ കാണുന്നു. ഞാൻ പറയുന്നത് കേൾ ക്കുകയാണെങ്കിൽ അതിൽ നിങ്ങൾക്ക് നന്മയുണ്ട്. നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ നിങ്ങളുടെ സമ്പത്തും സന്താനങ്ങളും സുരക്ഷിത മാക്കാനും നിങ്ങൾക്ക് അദ്ദേഹത്തിന്റെ ഉന്നത സഹചരന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടാനും സാധി ക്കുന്നതാണ്. മറ്റൊരു കാര്യമെന്തെന്നാൽ നിങ്ങൾ കാത്തിരിക്കുക. അദ്ദേഹം തന്റെ പട്ടണത്തിൽനിന്ന് എത്രയും വേഗം നിങ്ങളോട് ഒഴിഞ്ഞു പോകാൻ പറയുന്നതാണ്. അപ്പോൾ നിങ്ങൾ അതേ എന്ന് സമ്മതിക്കണം. അങ്ങനെയായാൽ പിന്നെ അദ്ദേഹം നിങ്ങളുടെ രക്തവും സമ്പത്തും തനിക്ക് അനുവ ദനീയമാണെന്ന് കരുതുകയില്ല. നിങ്ങളുടെ സ്വത്തും സമ്പത്തും നിങ്ങൾക്ക് വിട്ടുതരുന്നതാണ്. അവർ പറഞ്ഞു: അതേ, ഞങ്ങൾ അതിന് തയ്യാറാണ്. നബി(സ) മദീനയിലെത്തി യഹൂദികളെ നാടുകട ത്താൻ ഉത്തരവിട്ടു. എന്നാൽ അവർ നിരസിക്കു കയും പോരാടാൻ ഉറച്ച നിലപാട് എടുക്കുകയും ചെയ്തു.

ഇത് സംബന്ധമായി ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, നബി(സ) ഔസ് ഗോത്രത്തിലെ നേതാവായ മുഹമ്മദ് ബിൻ മസ് ലമയെ വിളിച്ചു പറഞ്ഞു: നിങ്ങൾ ബനൂനദീറിന്റെ അടുക്കൽ പോയി ഇപ്പോഴത്തെ കാര്യങ്ങൾ അതാ യത് അവർ തങ്ങളുടെ ദ്രോഹത്തിൽ ഒരുപാട് മുന്നോട്ട് ഗമിച്ചിരിക്കുന്നുവെന്നും അവരുടെ വഞ്ചന പാരമ്യതയിൽ എത്തിയെന്നും അതുകൊണ്ട് ഇനി അവർ മദീനയിൽ താമസിക്കുന്നത് ശരിയല്ലെന്നും പറയുക. അവർ മദീന വിട്ട് മറ്റേതെങ്കിലും സ്ഥ ലത്ത് പോയി താമസമാക്കുന്നതാണ് ഉചിതം. തിരു നബി(സ) ഇതിന് അവർക്ക് 10 ദിവസത്തെ സാവകാ ശവും നൽകുകയുണ്ടായി. മുഹമ്മദ് ബിൻ മസ്‌ലമ അയാളുടെ അടുത്ത് പോയപ്പോൾ അയാൾ വലിയ അഹങ്കാരത്തോടെയും ധാർഷ്ട്യത്തോടെയുമാണ് പെരുമാറിയത്. അയാൾ പറഞ്ഞു: മുഹമ്മദ്(സ)നോട് പറയുക, ഞങ്ങൾ മദീനയിൽനിന്ന് പോകാൻ തയ്യാ റല്ല. നിങ്ങൾക്ക് സൗകര്യമുള്ളത് ചെയ്തു കൊള്ളുക. അയാളുടെ ഈ മറുപടിയെ പറ്റി അറി ഞ്ഞപ്പോൾ നബി(സ) അനിയന്ത്രിതമായി പറഞ്ഞു: അല്ലാഹു അക്ബർ, യഹൂദികൾ യുദ്ധത്തിന് തയ്യാ റായിരിക്കുകയാണ്. തുടർന്ന് നബി(സ) മുസ്‌ലിംക ളോട് യുദ്ധത്തിന് തയ്യാറാകാൻ കൽപ്പന നൽകു കയും സ്വഹാബാക്കളുടെ ഒരു സംഘവുമായി ബനൂ നദീറിനെതിരിൽ യുദ്ധമൈതാനത്തേക്ക് പുറപ്പെടു കയും ചെയ്തു. ബനൂനദീർ യുദ്ധമൈതാനത്ത് ഇറങ്ങാതെ തങ്ങളുടെ കോട്ടകളിൽ ബന്ധനസ്ഥ രാകുകയും ചെയ്തു. ഈ സമയത്ത് സലാം ബിൻ മുശ്കം പറഞ്ഞു: അദ്ദേഹം അല്ലാഹുവിന്റെ സത്യ റസൂലാണെന്ന് നമുക്ക് അറിയാം. അദ്ദേഹത്തിന്റെ അപദാനങ്ങൾ നമ്മുടെ പക്കൽ ഉണ്ട്. നമ്മൾ അദ്ദേഹത്തെ വിശ്വസിക്കാത്തതിനു കാരണം നമുക്ക് അദ്ദേഹത്തോടുള്ള അസൂയയാകുന്നു. പ്രവാചകത്വം ബനൂഹാറൂനിൽനിന്ന് മാറിപ്പോയി രിക്കുന്നു. വരൂ, നമുക്ക് അദ്ദേഹം നൽകുന്ന അനു ഗ്രഹങ്ങൾ സ്വായത്തമാക്കാം. നമുക്ക് അദ്ദേഹ ത്തിന്റെ പട്ടണത്തിൽനിന്ന് പുറത്ത് പോകാം. അല്ലെങ്കിൽ നമ്മൾ നമ്മുടെ മണ്ണിൽനിന്ന് പുറം തള്ളപ്പെടുന്നതും നമ്മുടെ സമ്പത്തും ശ്രേഷ്ഠ തയും അവസാനിക്കുന്നതുമാണ്. നമ്മുടെ മക്കൾ ബന്ദികളാക്കപ്പെടുകയും യുദ്ധവീരന്മാർ കൊല്ല പ്പെടുകയും ചെയ്യുന്നതാണ്. എന്നാൽ അവർ ഈ കാര്യങ്ങളെ ഒട്ടും ഗൗനിച്ചില്ല.

ആ സമയത്ത് രാജ്യത്തിന്റെ ഭരണാധിപനാ യിരുന്ന തിരുനബി(സ)യെ വധിക്കുവാൻ കലാപകാ രികൾ ഭയാനകമായ ആസൂത്രണം ചെയ്തിരുന്നു.

അവർ വേദം പ്രകടിപ്പിക്കുന്നതിനു പകരം ആയുധവുമേന്തി യുദ്ധപ്രഖ്യാപനം നടത്തിയിട്ടുണ്ടായിരുന്നു. മദീനയെ വലിയ രക്തച്ചൊരിച്ചലിൽനിന്ന് രക്ഷിക്കേണ്ടതും മദീനയെ സംരക്ഷിക്കാൻ ഈ കലാപകാരികളെ ഒതുക്കേണ്ടതും അനിവാര്യവുമായിരുന്നു. അതുകൊണ്ട് കലാപകാരികളെ നേരിടുന്നതിന് എല്ലാ മുസ്‌ലിംകളും ഒരുമിച്ച് കൂടി നബി(സ)ന് കൂടെ പുറപ്പെടേണ്ടിവന്നു.

ആ സമയത്ത് തിരുനബി(സ) ഹദ്റത്ത് ഇബ്നു ഉമ്മുമക്തൂം(റ)നെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിക്കുകയും ഹദ്റത്ത് അലി(റ)നെ മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അബൂബക്കർ(റ)നെ സൈന്യാധിപനായി നിയോഗിക്കുകയും ചെയ്തു. ഏതായാലും മുസ്‌ലിംകൾ രാത്രി യഹൂദികളെ ഉപരോധിച്ചുകൊണ്ട് തന്നെ കഴിച്ചുകൂട്ടി. തക്ബീർ ധ്വനികളും ഉയർത്തിക്കൊണ്ടിരുന്നു. അങ്ങനെ (പുലർച്ചെ) പ്രഭാതത്തിന്റെ വെളിച്ചം വന്നു തുടങ്ങിയപ്പോൾ ഹദ്റത്ത് ബിലാൽ ഫജ്റിന്റെ ബാങ്ക് കൊടുത്തു. ആ സമയത്ത് നബി(സ) കൂടെ പോയിരുന്ന 10 സ്വഹാബാക്കളുമായി സൈനിക താവളത്തിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. നബി(സ) ഫജ്ർ നമസ്കരിപ്പിച്ചു. യഹൂദികളിൽ അസ്ബക് എന്ന ഒരാൾ നബി(സ)ന്റെ കൂടാരം ലക്ഷ്യമാക്കി അമ്പെയ്യുകയും ആ അമ്പ് കൂടാരത്തിൽ വന്ന് തറക്കുകയും ചെയ്തു. നബി(സ) കൂടാരം അമ്പെയ്ത്തുകാരിൽനിന്ന് ദൂരെ ഒരിടത്ത് സ്ഥാപിക്കാൻ കൽപ്പന നൽകുകയുണ്ടായി. ഇതിനിടയിൽ ഒരു രാത്രി ഇശാ സമയത്ത് ഹദ്റത്ത് അലി(റ)നെ കാണാതായി. ആളുകൾ നബി(സ)ന്റെ സവിധത്തിലെത്തി പറഞ്ഞു; യാ റസൂലല്ലാഹ്, അലിയെ എവിടെയും കാണുന്നില്ല. നബി(സ) പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെപ്പറ്റി ആശങ്കപ്പെടേണ്ട കാര്യമില്ല. അദ്ദേഹം നിങ്ങളുടെ തന്നെ ഒരു കാര്യത്തിനുവേണ്ടി പോയിരിക്കുകയാണ്. കുറച്ചു സമയത്തിനകം ഹദ്റത്ത് അലി നബി(സ)ന്റെ കൂടാരത്തിലേക്ക് അമ്പെയ്ത അസ്ബകിന്റെ തലയും കൊയ്തുകൊണ്ട് വരികയുണ്ടായി.

അയാൾ മുസ്‌ലിംകളുടെ ഏതെങ്കിലും വലിയ നേതാവിന്റെ വധിക്കുവാൻ വരുന്നതും കാത്ത് തക്കം പാർത്തിരിക്കുകയായിരുന്നു. അയാളുടെ കൂടെ ഒരു സംഘവും ഉണ്ടായിരുന്നു. ഹദ്റത്ത് അലി അയാളെ ആക്രമിച്ചു വധിക്കുകയുണ്ടായി. അയാളുടെ കൂടെ ഉണ്ടായിരുന്നവരെല്ലാം ഓടിപ്പോകുകയും ചെയ്തു. തുടർന്ന് നബി(സ) ഹദ്റത്ത് അലി(റ)നോടൊപ്പം 10 പേരുടെ ഒരു സംഘത്തെ അയക്കുകയുണ്ടായി. അതിൽ ഹദ്റത്ത് അബൂ ദുജാന, ഹദ്റത്ത് സഹ്ൽ ബിൻ ഹുനൈഫ് എന്നിവരും ഉണ്ടായിരുന്നു. ഈ സംഘം അസ്ബകിന്റെ കൂടെ ഉണ്ടായിരുന്ന ആളുകളെ പിടികൂടി. അവർ ഹദ്റത്ത് അലി(റ)നെ കണ്ട് ഓടിപ്പോയതായിരുന്നു. സ്വഹാബാക്കളുടെ സംഘം അവരെയെല്ലാം വധിക്കുകയുണ്ടായി. ചില പണ്ഡിതന്മാർ ഈ സംഘത്തിൽ 10 പേർ ഉണ്ടായിരുന്നുവെന്ന് എഴുതിയിട്ടുണ്ട്. സ്വഹാബാക്കൾ അവരെ വധിച്ച് അവരുടെ ശിരസ്സുമായി എത്തി. പിന്നീട് അവ വിവിധ കിണറുകളിൽ ഇടുകയും ചെയ്തു. ഒരു നിവേദനത്തിൽ നബി(സ) അവരുടെ ശിരസുകളെ ബനൂഖത്മയുടെ കിണറിൽ ഇടാൻ കൽപ്പിക്കുകയുണ്ടായി. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

സഫ്ഫുകളിൽ നിൽക്കുമ്പോൾ തോളോടു തോൾ ചേർന്ന് നിൽക്കുന്നില്ലെന്ന് എന്നോട് ഒരാൾ പറയുകയുണ്ടായി. ഇപ്പോൾ കോവിഡിന്റെ കാലം കഴിഞ്ഞിരിക്കുന്നു. (അതിനാൽ) സ്വഫ്ഫിൽ തോളോടുതോൾ ചേർന്ന് നിൽക്കേണ്ടതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 21.06.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516